**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3165** **07-11-2019 ൽ മറുപടിക്ക്**

**കൈവശഭൂമിക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഓച്ചിറ വില്ലേജിൽ വവ്വാക്കാവിനു സമീപം 60 വർഷം മുമ്പ് പുവർ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്തി ഭൂമി അനുവദിക്കപ്പെട്ട 5 കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ആയത് സംബന്ധിച്ച നടപടികൾ തുടർന്ന് വരുന്നു. |
| (ബി) പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശ്രീമതി. മാധവി - 5.10 ആർ<br>2. ശ്രീമതി. ചെല്ലമ്മ - 1.99 ആർ<br>3. ശ്രീ. ശിവൻകുട്ടി - 1.47 ആർ<br>4. ശ്രീ. സോമരാജൻ - 1.51 ആർ<br>5. ശ്രീമതി.നാണി - 2.34 ആർ |
| (സി) ഇവരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) വില്ലേജ് റിക്കാർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ പ്രസ്തുത സ്ഥലം വർഷങ്ങൾക്ക് മുൻപ് പുവർ ഹൗസിംഗ് പദ്ധതി പ്രകാരം 5 കക്ഷികൾക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ഭൂമി എത്രയാണെന്ന് രേഖകളില്ലാത്ത സാഹചര്യത്തിൽ ഓരോ കൈവശക്കാരന്റെയും കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം നൽകുന്നതാണ് ഉചിതം. ആയതിനാൽ നാളിതുവരെ പട്ടയം നൽകിയിട്ടില്ലാത്തതും നിലവിൽ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ടതുമായ പ്രസ്തുത ഭൂമി ദീർഘകാല കൈവശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷാ കക്ഷികളുടെ പേരിൽ ചട്ടപ്രകാരം പട്ടയം നൽകുന്നതിനായുള്ള നടപടികൾ കൊല്ലം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**